ചെയ്യുകയും, റേഡിയോ/പത്രമാധ്യമങ്ങളിലൂടെ ബോധവൽക്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. രോഗബാധയുള്ള സ്ഥലങ്ങളിൽ അണുനാശിനി പ്രയോഗവും സാനിട്ടേഷൻ പ്രവർത്തനങ്ങളും നടത്തി.

(സി) താറാവുകർഷകർക്ക് രോഗം ബാധിച്ചതുമൂലം കൊന്ന താറാവുകളിൽ 2 മാസം വരെ പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും, രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ നിരക്കിലും നഷ്ടപരിഹാരം നൽകി. രോഗബാധമൂലം മരണപ്പെട്ട താറാവുകൾക്കും ഇതേ നിരക്കിൽ നഷ്ടപരിഹാരം നൽകും. നശിപ്പിക്കപ്പെട്ട താറാവുമുട്ടയ്ക്കും മുട്ടക്കുഞ്ഞുങ്ങൾക്കും 5 രൂപ നിരക്കിൽ സഹായം അനുവദിക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) താറാവുകൾക്ക് മരുന്ന നൽകുന്ന വ്യവസ്ഥ നിലവിലില്ല. രോഗപ്രതിരോധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന ആളുകൾക്കാണ് പ്രതിരോധ മരുന്ന് നൽകുന്നത്. ആവശ്യമായ മരുന്ന് ആരോഗ്യവകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

പക്ഷിപ്പനിയും സാധ്യതാപഠന റിപ്പോർട്ടും

243 (3530) ശ്രീ. കെ. വി. വിജയദാസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ പക്ഷിപ്പനി പടരുന്നതിനുമുമ്പ്, പക്ഷിപ്പനി സാധ്യതാ റിപ്പോർട്ടുകൾ ലഭിച്ചിരുന്നോ ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) അപ്രകാരം ലഭിച്ച റിപ്പോർട്ടിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പക്ഷിപ്പനിയുടെ വിവരം മുൻകൂട്ടി അറിഞ്ഞിട്ടും വേണ്ടത്ര മുൻകരുതൽ എടുക്കുന്നതിൽ വീഴ്ച സംഭവിച്ചു എന്ന് വിലയിരുത്തുന്നുണ്ടോ ;

(ഡി) താറാവ് കർഷകർക്ക് വന്ന ചേർന്നിട്ടുള്ള നഷ്ടം പൂർണ്ണമായും നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) കേരളത്തിൽ പക്ഷിപ്പനി പടരുന്നതിനുമുമ്പ് പക്ഷിപ്പനി സാധ്യതാ റിപ്പോർട്ടുകൾ ലഭിച്ചിരുന്നില്ല. ദേശാടന പക്ഷികളിൽ നിന്നും വളർത്തുന്ന പക്ഷികളിൽനിന്നും ശേഖരിക്കുന്ന സാമ്പിളുകൾ ബാംഗ്ലൂരിലെ സതേൺ റീജിയണൽ ഡിസീസ് ഡയഗ്നോസ്റ്റിക്ക് ലബോറട്ടറിയിൽ പരിശോധനയ്ക്ക് അയച്ചിരുന്നുവെങ്കിലും പക്ഷിപ്പനിയുടെ വൈറസിന്റെ സാന്നിദ്ധ്യം അറിയിച്ചിരുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ബാധകമല്ല.

(സി) വീഴ്ച സംഭവിച്ചിട്ടില്ല.

(ഡി) താറാവ് കർഷകർക്ക് പക്ഷിപ്പനി ബാധമൂലം നഷ്ടപ്പെട്ട താറാവുകളിൽ 2 മാസം വരെ പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും, രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക് 100 രൂപ നിരക്കിലും നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. കൂടാതെ നശിപ്പിക്കപ്പെട്ട മുട്ടകൾക്കും, മുട്ടക്കുഞ്ഞുങ്ങൾക്കും 5 രൂപ ക്രമത്തിലും നഷ്ട പരിഹാരം നൽകുന്നതിനും തീരുമാനിച്ചിട്ടുണ്ട്:

പക്ഷിപ്പനിയും ആശങ്കകളും

244 (3531) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പക്ഷിപ്പനിമൂലം ഉണ്ടായ ആശങ്കകൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(ബി) ഇതുമൂലം താറാവ്, കോഴി കർഷകർക്ക് ഉണ്ടായ നഷ്ടത്തിന് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ ;

(സി) ഈ രോഗത്തിനെ നേരിടുന്നതിനുള്ള മരുന്നുകൾ ആവശ്യത്തിന് അനുവദിക്കുമോ ?

ഉത്തരം

(എ) രോഗം റിപ്പോർട്ട് ചെയ്ത ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളിലെ രോഗബാധിത പ്രദേശത്തിന്റെ 1 കി. മീ. ദൂരപരിധിക്കുള്ളിലെ രോഗം ബാധിച്ചതും ക്ലെടെയുണ്ടായിരുന്നതുമായ പക്ഷികളെയെല്ലാം കൊന്നൊടുക്കി ശാസ്ത്രീയമായി സംസ്കരിച്ചിട്ടുണ്ട്. ടി ജില്ലകളിലേയ്ക്കും പുറത്തേയ്ക്കുമുള്ള പക്ഷി, പക്ഷി ഉല്പന്നങ്ങൾ എന്നിവയുടെ കടത്ത് താല്കാലികമായി നിരോധിച്ചു. ടി ജില്ലകളിലെ കർഷകർക്ക് പക്ഷിപ്പനിയെക്കുറിച്ചും പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തി. നഷ്ടപ്പെട്ട പക്ഷികളുടെ ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകി. കർഷകരുടെ ആശങ്ക അകറ്റി അവരെ വീണ്ടും താറാവ് കൃഷിയിലേയ്ക്ക് മടക്കിക്കൊണ്ടു വരുന്നതിനുള്ള കർമ്മ പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതാണ്.

(ബി) പക്ഷിപ്പനിമൂലം നഷ്ടപ്പെട്ട പക്ഷികൾക്ക് 2 മാസം വരെ പ്രായമായവയ്ക്ക് 200 രൂപ നിരക്കിലും, രണ്ടു മാസത്തിൽ താഴെ പ്രായമുള്ളവയ്ക്ക്

LIBRARY ARCHIVES Kerala Legislative Assembly